പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 3408 14/10/2011 ൽ മറുപടിയ്ക്ക്

എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികൾക്ക് സ്കോളർഷിപ്പ്

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

ഉത്തരം

ഡോ. എം.കെ. മുനീർ:

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരായ കുടുംബങ്ങളിലെ സ്ക്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്ക്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ എത്ര കുട്ടികൾക്ക് ഇതുവരെ സഹായം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഇതുവരെ 2523 കട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 1580 കുട്ടികൾക്ക് 1000/- രൂപ നിരക്കിലും (1-ാം ക്ലാസ്സു മുതൽ 7-ാം ക്ലാസ്സു വരെ പഠിക്കുന്ന കുട്ടികൾ) 687 കുട്ടികൾക്ക് 2000/- രൂപ നിരക്കിലും (8-ാം ക്ലാസ്സു മുതൽ 10-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾ) 256 കുട്ടികൾക്ക് 2500/- രൂപ നിരക്കിലും (പ്ലസ് 1, പ്ലസ് 2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ) ധനസഹായം വിതരണം ചെയ്തിട്ടുണ്ട് . |
| (സി) ദുരിതബാധിതരായ കുടുംബങ്ങളിൽ നിന്ന് അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികളെ മേൽ സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) എങ്കിൽ അംഗൻവാടി കുട്ടികളെ ക്കൂടി മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം നൽകുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു |

R. Vijayakumar

സെക്ഷൻ ഓഫീസർ